**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3226** **26-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് നൽകാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ് 2024 മെയ് മാസം വരെ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശികത്തുക എത്രയാണ് എന്നതിന്റെ വിശദാംശം നൽകുമോ; | (എ) | പൊതുമരാമത്ത് നിരത്തുകൾ, പാലങ്ങൾ, നിരത്തു പരിപാലനം എന്നീ വിഭാഗങ്ങളിൽ ( 01.10.2023 മുതൽ 30.04.2024 വരെ) 868.97 കോടി രൂപയും കെട്ടിട വിഭാഗത്തിൽ (01.12.2023 മുതൽ 31.03.2024 വരെ) 226,15,20,395/- രൂപയും ദേശീയപാത വിഭാഗത്തിൽ 2024 മെയ് മാസം വരെ 5,04,59,083/- രൂപയും കരാറുകാർക്ക് വിതരണം ചെയ്യാനുണ്ട്.<br><br>കുടിശ്ശികത്തുക നല്കാത്തതുമൂലം കോൺട്രാക്ടർമാർ ടെണ്ടർ നടപടികളിൽ പങ്കെടുക്കാത്ത സാഹചര്യം നിലവിൽ ഇല്ല.<br><br>പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. കൂടാതെ കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ്. സംവിധാനവും നിലവിലുണ്ട്. കൃത്യമായ സമയക്രമത്തിൽ മാത്രം ബില്ലുകൾ തീർപ്പാക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായാണ് സർക്കാർ ബി.ഡി.എസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | കുടിശ്ശികത്തുക നൽകാത്തതുമൂലം കോൺട്രാക്ടർമാർ ടെൻഡർ നടപടികളിൽ പങ്കെടുക്കാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; പൂർത്തിയായ പ്രവൃത്തികളുടെ തുക അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | പൊതുമരാമത്ത് നിരത്തുകൾ, പാലങ്ങൾ, നിരത്തു പരിപാലനം എന്നീ വിഭാഗങ്ങളിൽ ( 01.10.2023 മുതൽ 30.04.2024 വരെ) 868.97 കോടി രൂപയും കെട്ടിട വിഭാഗത്തിൽ (01.12.2023 മുതൽ 31.03.2024 വരെ) 226,15,20,395/- രൂപയും ദേശീയപാത വിഭാഗത്തിൽ 2024 മെയ് മാസം വരെ 5,04,59,083/- രൂപയും കരാറുകാർക്ക് വിതരണം ചെയ്യാനുണ്ട്. |

| | | | |
|---|---|---|---|
| | | | കുടിശ്ശികത്തുക നല്ലാത്തതുമൂലം കോൺട്രാക്ടർമാർ ടെണ്ടർ നടപടികളിൽ പങ്കെടുക്കാത്ത സാഹചര്യം നിലവിൽ ഇല്ല.<br><br>പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. കൂടാതെ കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ്. സംവിധാനവും നിലവിലുണ്ട്. കൃത്യമായ സമയക്രമത്തിൽ മാത്രം ബില്ലുകൾ തീർപ്പാക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായാണ് സർക്കാർ ബി.ഡി.എസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ